(ഡി) കണ്ണൂർ ജില്ലയിൽ നിന്നും 2060 വർക്കർമാർ ക്ഷേമനിധിയിലേക്ക് അംഗങ്ങളായി ചേർന്നിട്ടുണ്ട്. അവർക്ക് സ്കീമിൽ പറഞ്ഞിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ട്. ആനുകൂല്യങ്ങളായി മൊത്തം 1,14,680 രൂപ കണ്ണൂർ ജില്ലയിൽ വിതരണം ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, നന്മണ്ട എന്നീ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ

125 [4907] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, നന്മണ്ട എന്നീ പഞ്ചായത്തുകളിൽ ഉള്ള അംഗൻവാടികളിൽ 2003 ജൂൺ 30-ന് ഓരോന്നിലും എത്ര കുട്ടികൾ വീതം ഉണ്ടായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) സ്ഥിരം അംഗൻവാടി ടീച്ചർ, വർക്കർ എന്നീ തസ്തികകൾ ഇല്ലാത്ത എത്ര അംഗൻവാടികൾ ഓരോ പഞ്ചായത്തിലും ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

ബാലുശ്ശേരി, പനങ്ങാട്, ഉള്ളിയേരി, അത്തോളി എന്നീ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ

126 [4909] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി, പനങ്ങാട്, ഉള്ളിയേരി, അത്തോളി എന്നീ പഞ്ചായത്തുകളിൽ 2003 ജൂൺ 30-ന് ഓരോ അംഗൻവാടിയിലും എത്ര കുട്ടികൾ വീതം ഉണ്ട് എന്ന് പഞ്ചായത്തടിസ്ഥാനത്തിൽ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) സ്ഥിരം ടീച്ചറും വർക്കറുമില്ലാത്ത അംഗൻവാടികൾ ഏതൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

ഖാദി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക

127 [4912] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി എന്തു തുക നൽകിയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly